കേരള സർക്കാർ

നം.പി.എസ്.2/288/2018/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (പി.എസ്.)വകുപ്പ്,
തിരുവനന്തപുരം. തീയതി, 29.05.2018

## സർക്കുലർ

വിഷയം- ത.സ്വ.ഭ.വ.- ലോക പരിസ്ഥിതി ദിനം ജൂൺ 5 - വൃക്ഷത്തൈ നടൽ കർമ്മ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ലോക പരിസ്ഥതി ദിനമായ ജൂൺ 5-ന് സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ കർമ്മ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 2018 മെയ് 30 ന് വൃക്ഷത്തൈകൾ വനം വകുപ്പ് (സോഷ്യൽ ഫോറസ്ട്രി) വിതരണം ചെയ്യേണ്ടതാണ്. അതാത് ജില്ലയിലെ വനം വകുപ്പ് ഡി.എഫ്.ഒ. മാരുമായി ബന്ധപ്പെട്ട തൈകൾ ശേഖരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുമാണ്.
2) ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആ പ്രദേശത്തെ മറ്റു തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് വാഹനസൗകര്യം ഏർപ്പാടാക്കി വൃക്ഷത്തൈകൾ ശേഖരിച്ച് കൊണ്ടു പോകേണ്ടതും സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ അടക്കമുള്ളവരുടെ സഹകരണത്തോടെ തദ്ദേശ സ്ഥാപന തലത്തിൽ സൂക്ഷിക്കുകയും ഉചിതമായ രീതിയിൽ നട്ടുവളർത്തി പരിപാലിക്കേണ്ടതുമാണ്.
3) വൃക്ഷത്തൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റു ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി പരമാവധി 10,000 രൂപ വരെ ഓരോ തദ്ദേശ സ്ഥാപനത്തിനും തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.
4) ഓരോ പ്രദേശത്തിനും അനിയോജ്യമായ വൃക്ഷത്തൈകൾ ശേഖരിക്കുവാനും നട്ടു പിടിപ്പിക്കാനും ശ്രദ്ധിക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പറമ്പുകൾ, ഒഴിഞ്ഞ ഇടങ്ങൾ, റോഡരികുകൾ, പൊതു ഇടങ്ങൾ തുടങ്ങി തണ്ണീർതടങ്ങളല്ലാത്ത ഇടങ്ങൾ വൃക്ഷത്തൈകൾ നടുന്നതിനായി കണ്ടെത്തേണ്ടതാണ്.
5) തൊഴിലുറപ്പ് തൊഴിലാളികളേയും ഉപകരണങ്ങളും പരമാവധി ഉപയോഗപ്പെടുത്തി തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും പദ്ധതി ഉണ്ടാകണം. അതുപോലെ തന്നെ കുടുംബശ്രീ സി.ഡി.എസുകൾ കുടുംബശ്രീ പ്രവർത്തകരേയും ഉപയോഗപ്പെടുത്തി വൃക്ഷത്തൈ നടുന്നതിനും പരിപാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) നട്ടു കഴിഞ്ഞ വൃക്ഷത്തൈകൾക്ക് ഒരു വർഷത്തെ പരിപാലനം ഉറപ്പാക്കുന്നതിനും ആയതിന്റെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ സമിതികൾ ഉണ്ടാക്കണം. 15 പേരുടെ അംഗസംഖ്യ അധികരിക്കാത്ത ഇത്തരം കമ്മിറ്റികളുടെ നേതൃത്വം പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരിലും അംഗങ്ങളായും മറ്റ ഭാരവാഹികളായും ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരിലും നിക്ഷിപ്തമായിരിക്കേണ്ടതാണ്.

7) 2000 വൃക്ഷത്തൈകൾ വീതമാണ് ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും നൽകുന്നത്. കൃഷിവകുപ്പിന്റെ നഴ്സറികളിൽ നിന്ന് തൈകൾ ആവശ്യമെങ്കിൽ കൃഷി ഓഫീസർ അംഗീകരിച്ച വിലയ്ക്ക് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വാങ്ങാവുന്നതാണ്. ഫോറസ്റ്റ് വകുപ്പിന്റെ കൈവശം അധികതൈകൾ ലഭ്യമെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

8) വൃക്ഷത്തൈകൾ നടുന്നതിന് ഉപകരണങ്ങൾ ആവശ്യമെങ്കിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗിച്ച് ആയത് വാങ്ങാവുന്നതാണ്.

9) പഞ്ചായത്ത് വഴി വ്യക്തികൾക്ക് തൈകൾ നൽകുന്നുവെങ്കിൽ അവർ അത് നട്ട് പരിപാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

10) പ്രാദേശിക അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കി തൈവിതരണം ചുരുങ്ങിയ ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. പരമാവധി വ്യക്തികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രാദേശത്തിന്റെ കൂട്ടായ്മയിൽ പരിസ്ഥിതി ദിനം ആഘോഷമാക്കേണ്ടതാണ്.

11) അമിതമായി ജലചൂഷണം നടത്തുന്ന മരങ്ങൾ ഒഴിവാക്കി വേണം നടാനുള്ള തൈകൾ തെരഞ്ഞെടുക്കേണ്ടതാണ്.

എ. അജിത്ത് കുമാർ
സെക്രട്ടറി (റൂറൽ)

തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ വരുന്ന എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും /മിഷൻ ചീഫുമാർക്കും /ഡെവലപ്മെന്റ് ഏജൻസികളുടെ സെക്രട്ടറിമാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസി ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും